**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2136** **09-02-2023 - ൽ മറുപടിയ്ക്ക്**

**നിലമ്പൂർ ജില്ല ആശുപത്രിയിൽ രക്ത ബാങ്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | നിലമ്പൂർ ജില്ല ആശുപത്രിയിൽ രക്ത ബാങ്ക് ആരംഭിക്കുന്നതിനാവശ്യമായ ലൈസൻസുകൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം ലൈസൻസുകളാണ് ഇതിനകം ലഭിച്ചിട്ടുള്ളത് എന്ന് അറിയിക്കാമോ; | (എ) | നിലമ്പൂർ ജില്ലാ ആശുപത്രിയിൽ രക്ത ബാങ്ക് സ്ഥാപിക്കുന്നതിനായി 299/28C/KER/DC-CLAA/2023 നമ്പർ പ്രകാരം ലൈസൻസ് ലഭിച്ചിട്ടുണ്ട്. |
| (ബി) | രക്ത ബാങ്ക് പ്രവർത്തനം ആരംഭിക്കുന്നതിനായി ഏതെല്ലാം തസ്തികകളാണ് ആവശ്യമുള്ളതെന്നും ആയത് അനുവദിച്ചിട്ടുണ്ടോയെന്നും അറിയിക്കാമോ; ആവശ്യമായ തസ്തികകൾ നിലവിലില്ലെങ്കിൽ പുതുതായി സൃഷ്ടിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | (ബി) | രക്ത ബാങ്ക് പ്രവർത്തനം ആരംഭിക്കുന്നതിനായി ചുവടെ കൊടുക്കുന്ന തസ്തികകൾ ആവശ്യമാണ്.<br>1) മെഡിക്കൽ ഓഫീസർ<br>2) നഴ്സിംഗ് ഓഫീസർ<br>3) ബ്ലഡ് ബാങ്ക് ടെക്നിഷ്യൻ<br>4) ടെക്നിക്കൽ സൂപ്പർവൈസർ<br>5) സോഷ്യൽ വർക്കർ<br>6) നഴ്സിംഗ് അസിസ്റ്റന്റ്<br>7) ഹോസ്പിറ്റൽ അറ്റൻഡന്റ്<br>ഇതിൽ മെഡിക്കൽ ഓഫീസർ (ജൂനിയർ കൺസൾട്ടന്റ് - ബ്ലഡ് ബാങ്ക്) തസ്തിക സൃഷ്ടിച്ചിട്ടുണ്ട്.<br>ആവശ്യമായ മറ്റ് തസ്തികകൾ സംബന്ധിച്ച പ്രൊപ്പോസൽ ആരോഗ്യ വകുപ്പ് ഡയറക്ടർ സമർപ്പിക്കുന്ന മുറയ്ക്ക് സർക്കാർ പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്. |
| (സി) | പ്രസ്തുത രക്ത ബാങ്ക്, ആവശ്യമായ ജീവനക്കാരുൾപ്പെടെ എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് അറിയിക്കാമോ? | (സി) | നിലമ്പൂർ ജില്ലാ ആശുപത്രിയിൽ രക്തബാങ്ക് പ്രവർത്തനം ആരംഭിക്കുന്നതിനായി കെട്ടിടം, ഉപകരണങ്ങൾ പൂർണ്ണമായി സജ്ജമാണ്.<br>ഒരു ജൂനിയർ കൺസൾട്ടന്റ് (ബ്ലഡ് ബാങ്ക്) (മെഡിക്കൽ ഓഫീസർ) തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. ടെക്നിക്കൽ |

| | | | |
|---|---|---|---|
| | | | സൂപ്പർവൈസർ - നിലവിൽ സർക്കാർ സർവ്വീസിൽ ഉള്ളതും നിശ്ചിത യോഗ്യയുള്ളതുമായ ഒരു ടെക്നീഷ്യനെ ജോലി ക്രമീകരണവ്യവസ്ഥയിൽ ടെക്നിക്കൽ സൂപ്പർവൈസർ ആയി നിയമിച്ചിട്ടുണ്ട്. ലാബ് ടെക്നീഷ്യൻ (ബ്ലഡ് ബാങ്ക്) - നിലവിൽ നിശ്ചിത യോഗ്യതയുള്ള ഒരു ടെക്നീഷ്യൻ നിലമ്പൂർ ആശുപത്രിയിലുണ്ട്. അതോടൊപ്പം സർക്കാർ സർവ്വീസിൽ ഉള്ള നിശ്ചിത യോഗ്യയുള്ള ഒരു ടെക്നീഷ്യനെ ജോലി ക്രമീകരണവ്യവസ്ഥയിൽ നിലമ്പൂർ ജില്ലാ ആശുപത്രിയിൽ നിയമിച്ചിട്ടുണ്ട്. അതോടൊപ്പം 5 ടെക്നീഷ്യൻമാരെ എൻ.എച്ച്.എം മുഖേന നിയമിക്കാനുള്ള നടപടികളും 2 ടെക്നീഷ്യൻമാരെ എച്ച്.എം.സി മുഖേന നിയമിക്കാനുള്ള നടപടികളും പുരോഗമിക്കുന്നു. ഒരു ടെക്നീഷ്യനെ നിയമിക്കുന്നതിനായി KSACS ന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. നഴ്സിംഗ് ഓഫീസർ - നിലവിൽ ഒരു നേഴ്സിംഗ് ഓഫീസറെ എൻ.എച്ച്.എം മുഖേന നിയമി ക്കുന്നതിനുള്ള നടപടി പൂർത്തിയാകുന്നു. കൗൺസിലർ - ഒരു കൗൺസിലറെ എൻ.എച്ച്.എം മുഖേന ദിവസവേതന അടിസ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള നടപടി പുരോഗമിക്കുന്നു. ഒരു കൗൺസിലറെ നിയമിക്കുന്നതിനുള്ള അപേക്ഷ KSACS ന് സമർപ്പിച്ചിട്ടുണ്ട്. ഹോസ്പിറ്റൽ അറ്റന്റന്റ് - ഹോസ്പിറ്റൽ അറ്റന്റന്റ് ഗ്രേഡ് 2 ജീവനക്കാരെ ആശുപത്രി ഔട്ട് സോഴ്സിംഗ് മുഖേന നിയമിക്കാൻ തീരുമാനിച്ചിട്ടുണ്ട്.<br><br>നിലമ്പൂർ ജില്ലാ ആശുപത്രിയിൽ അനുവദിച്ചിട്ടുള്ള ജൂനിയർ കൺസൽട്ടന്റ് (ബ്ലഡ് ബാങ്ക്) ന്റെയും ജോലിക്രമീകരണം മുഖേനയും ഔട്ട് സോഴ്സിംഗ് മുഖേനയും എൻ.എച്ച്.എം മുഖാന്തിരവും നിയമിക്കപ്പെടുന്ന പരിശീലനം ലഭിച്ച മറ്റ് ജീവനക്കാരുടേയും സേവനം ഉപയോഗപ്പെടുത്തി ബ്ലഡ് ബാങ്ക് അധികം വൈകാതെ തന്നെ പ്രവർത്തനം ആരംഭിക്കുന്നതാണ്. പ്രവർത്തനത്തിനാവശ്യമായ കൂടുതൽ ജീവനക്കാരെ എൻ.എച്ച്.എം മുഖേന ലഭ്യമാക്കുന്നതിനുള്ള നടപടിയും സ്വീകരിച്ച് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ